247

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# നികുതി ചുമത്തൽ നിയമങ്ങൾ (വസൂലാക്കൽ നടപടികളുടെ തുടരലും സാധൂകരണവും) ആക്റ്റ്, 1964

## (1964-ലെ 11-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില :

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# നികുതി ചുമത്തൽ നിയമങ്ങൾ (വസൂലാക്കൽ നടപടികളുടെ തുടരലും സാധൂകരണവും) ആക്റ്റ്, 1964

(1964-ലെ 11-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

3/4709/L

# നികുതി ചുമത്തൽ നിയമങ്ങൾ (വസൂലാക്കൽ നടപടികളുടെ തുടരലും സാധൂകരണവും) ആക്റ്റ്, 1964

(1964-ലെ 11-ാം നമ്പർ)

ഗവൺമെൻറിന് കിട്ടേണ്ടും തുക സംബന്ധിച്ച നടപടികൾ തുടരുകയും സാധൂകരിക്കുകയും ചെയ്യുന്നതിനും അതോടു ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യാനുള്ള ആക്റ്റ്

[1964 മേയ്, 12]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പതിനഞ്ചാം സംവത്സരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന്, നികുതി ചുമത്തൽ നിയമങ്ങൾ (വസൂലാക്കൽ നടപടികളുടെ തുടരലും സാധൂകരണവും) ആക്റ്റ്, 1964 എന്നു പേർ പറയാവുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "അസസി" ക്ക്—

(i) അധികലാഭനികുതി ആക്റ്റ്, 1940 (1940-ലെ 15)-ഓ ബിസിനസ് ലാഭനികുതി ആക്റ്റ്, 1947 (1947-ലെ 21)-ഓ സംബന്ധിച്ചിടത്തോളം, ആ ആക്റ്റിൻകീഴിൽ നികുതിയോ മറേറതെങ്കിലും തുകയോ കൊടുക്കേണ്ട ആൾ എന്നും,

(ii) എസ്റേററ്റ് ഡ്യൂട്ടി ആക്റ്റ്, 1953 (1953-ലെ 34) സംബന്ധിച്ചിടത്തോളം ആ ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള, കണക്കു പറയേണ്ട ആൾ ആരാണോ അയാൾ, അല്ലെങ്കിൽ കണക്കുപറയേണ്ട ആൾ എന്നും,

(iii) മറേറതെങ്കിലും പട്ടിക ആക്റ്റിനെ സംബന്ധിച്ചിടത്തോളം, ആ ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള അസസി എന്നും,

അർത്ഥമാകുന്നതും;

(ഖ) "ഗവൺമെൻറിന് കിട്ടേണ്ടും തുക" എന്നാൽ, ഏതെങ്കിലും പട്ടിക ആക്റ്റ് സംബന്ധിച്ചിടത്തോളം, ആ ആക്റ്റിൻകീഴിൽ അസസി ഗവൺമെൻറിന് കൊടുക്കേണ്ട ഏതെങ്കിലും നികുതിയോ, ഡ്യൂട്ടിയോ, ദണ്ഡനത്തുകയോ, പിഴയോ, പലിശയോ, വർഷാശന നിക്ഷേപമോ, മറേറതെങ്കിലും തുകയോ എന്നർത്ഥമാകുന്നതും;

(ഗ) "പട്ടിക ആക്റ്റി" ന്, പട്ടികയിൽ വിനിർദ്ദേശിക്കുന്ന ആക്റ്റ് എന്നർത്ഥമാകുന്നതും;

(ഘ) "നികുതി ചുമത്തുന്ന അധികാരസ്ഥാന" ത്തിന്, ഏതെങ്കിലും പട്ടിക ആക്റ്റ് സംബന്ധിച്ചിടത്തോളം, ആ ആക്റ്റിൻകീഴിൽ ഗവൺമെൻറിന് കിട്ടേണ്ടും തുക ഏതെങ്കിലും സംബന്ധിച്ച്, അസസിക്ക് ഡിമാൻഡ് നോട്ടീസ് നടത്താൻ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ (അയാൾക്ക് എന്തു പേർ പറഞ്ഞാലും) എന്നർത്ഥമാകുന്നതും;

(ങ) "നികുതിവസൂലാക്കൽ ഉദ്യോഗസ്ഥ" ന്, ഏതെങ്കിലും പട്ടിക ആക്ററ് സംബന്ധിച്ചിടത്തോളം, ആ ആക്ററിൽ നിർവ്വചിച്ച പ്രകാരമുള്ള നികുതിവസൂലാക്കൽ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നതും, അങ്ങനെ നിർവ്വചനം ഇല്ലാത്തിടത്ത്, ആ ആക്ററിൻകീഴിൽ ഗവൺമെൻറിന് കിട്ടേണ്ടും തുകയുടെ കുടിശ്ശിക വസൂലാക്കുന്നതിനുള്ള സർട്ടിഫിക്കററ് നല്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ (അയാൾക്കു എന്തു പേർ പറഞ്ഞാലും) എന്നർത്ഥമാകുന്നതും,

ആണ്.

3. ചില നടപടികളുടെ തുടരലും സാധൂകരണവും.—(1) ഏതെങ്കിലും പട്ടിക ആക്ററിൻകീഴിൽ ഗവൺമെൻറിന് കിട്ടേണ്ടുംതുക ഏതെങ്കിലും സംബന്ധിച്ച് ഒരു അസസിക്ക് നികുതി ചുമത്തുന്ന അധികാരസ്ഥാനം ഏതെങ്കിലും ഡിമാൻഡ് നോട്ടീസ് നടത്തുകയും, അങ്ങനെ ഗവൺമെൻറിന് കിട്ടേണ്ടുംതുക സംബന്ധിച്ച് ഏതെങ്കിലും അപ്പീലോ മററു നടപടിയോ ഫയൽ ചെയ്യുകയോ എടുക്കപ്പെടുകയോ ചെയ്യുകയും ചെയ്യുന്നിടത്ത്—

(ക) അങ്ങനെ ഗവൺമെൻറിന് കിട്ടേണ്ടും തുക, അങ്ങനെയുള്ള അപ്പീലിലോ നടപടിയിലോ വർദ്ധിപ്പിക്കുന്നിടത്ത്, അങ്ങനെ ഗവൺമെൻറിന് കിട്ടേണ്ടുംതുക എത്രകണ്ടു വർദ്ധിപ്പിച്ചിട്ടുണ്ടോ അത്രയും തുക സംബന്ധിച്ചുമാത്രം അസസിക്ക് നികുതി ചുമത്തുന്ന അധികാരസ്ഥാനം, മറെറാരു ഡിമാൻഡ് നോട്ടീസ് നടത്തേണ്ടതും, ഗവൺമെൻറിന് കിട്ടേണ്ടുംതുക ഏതിന്നാണോ അങ്ങനെയുള്ള അപ്പീലിൻേറയോ നടപടിയുടേയോ തീർച്ചയ്ക്കു മുമ്പ് അയാൾക്കു നടത്തിയ ഡിമാൻഡ് നോട്ടീസോ നോട്ടീസുകളോ ഉള്ളത്, അങ്ങനെയുള്ള തുക സംബന്ധിച്ച ഏതെങ്കിലും നടപടികൾ, ഏതെങ്കിലും പുതിയ ഡിമാൻഡ് നോട്ടീസ് നടത്താതെ, അങ്ങനെയുള്ള നടപടികൾ അങ്ങനെയുള്ള തീർച്ചയ്ക്കു തൊട്ടുമുമ്പ് നിന്നിരുന്ന ഘട്ടത്തിൽനിന്ന് തുടരാവുന്നതും;

(ഖ) അങ്ങനെ ഗവൺമെൻറിനു കിട്ടേണ്ടും തുക അങ്ങനെയുള്ള അപ്പീലിലോ നടപടിയിലോ കുറവുചെയ്യുമ്പോൾ,—

(i) നികുതി ചുമത്തുന്ന അധികാരസ്ഥാനത്തിന്, അസസിക്ക് പുതിയ ഡിമാൻഡ് നോട്ടീസ് നടത്തേണ്ട ആവശ്യമില്ലാത്തതായിരിക്കുകയും,

(ii) അങ്ങനെ കുറവു ചെയ്ത വസ്തുതയെക്കുറിച്ച് നികുതി ചുമത്തുന്ന അധികാരസ്ഥാനം അസസിക്കും, കൂടാതെ അങ്ങനെയുള്ള തുക വസൂലാക്കുന്നതിന് നികുതി വസൂലാക്കുന്ന ഉദ്യോഗസ്ഥന് സർട്ടിഫിക്കററ് നല്കിയിട്ടുള്ളിടത്ത്, ആ ഉദ്യോഗസ്ഥനും അറിയിപ്പ് നല്കേണ്ടതായിരിക്കുകയും,

(iii) അങ്ങനെയുള്ള അപ്പീലിൻേറയോ നടപടിയുടേയോ തീർച്ചയ്ക്കു മുമ്പ് അസസിക്ക് നടത്തിയിട്ടുള്ള ഡിമാൻഡ് നോട്ടീസിൻേറയോ നോട്ടീസുകളുടേയോ അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ള ഏതെങ്കിലും നടപടികൾ അപ്രകാരം കുറവുചെയ്തിട്ടുള്ള തുക സംബന്ധിച്ചിടത്തോളം, അങ്ങനെയുള്ള തീർച്ചയ്ക്ക് തൊട്ടു മുമ്പ് നിന്നിരുന്ന ഘട്ടത്തിൽ നിന്ന് തുടരാവുന്നതായിരിക്കുകയും,

ചെയ്യുന്നതും;

(ഗ) (ദണ്ഡനം ചുമത്തുകയോ പലിശ ചാർജ് ചെയ്യുകയോ ചെയ്യുന്നത് ഉൾപ്പെടെ) അങ്ങനെ ഗവൺമെൻറിന് കിട്ടേണ്ടും തുക സംബന്ധിച്ചുള്ള യാതൊരു നടപടിയും അങ്ങനെയുള്ള അപ്പീലിൻേറയോ നടപടിയുടേയോ തീർച്ചയ്ക്കുശേഷം, അസസിക്ക് പുതിയ ഡിമാൻഡ് നോട്ടീസ് നടത്തി

യില്ലെന്നോ അങ്ങനെ ഗവൺമെൻറിനു കിട്ടേണ്ടും തുക അങ്ങനെയുള്ള അപ്പീലിലോ നടപടിയിലോ വർദ്ധിപ്പിക്കുകയോ കുറവുചെയ്യുകയോ ചെയ്തിട്ടുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവായിരിക്കുന്നതല്ലാത്തതും,

ആകുന്നു:

എന്നാൽ, ഏതെങ്കിലും അന്തിമോത്തരവിൻെറ ഫലമായി (വർഷാശന നിക്ഷേപമല്ലാത്ത) അങ്ങനെ ഗവൺമെൻറിന് കിട്ടേണ്ടും തുക കുറവുചെയ്തിരിക്കുകയും, അതു കൊടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് അസസിയുടെമേൽ ചുമത്തുന്ന പിഴ, അപ്രകാരം കുറവുചെയ്ത തുകയിൽ കവിയുകയും ചെയ്യുന്നുവെങ്കിൽ, കവിയുന്നത്ര തുക വസൂലാക്കാൻ പാടില്ലാത്തതും, അത് മുൻപേ വസൂലാക്കപ്പെട്ടിട്ടുണ്ടെങ്കിൽ, നികുതി ചുമത്തുന്ന അധികാരസ്ഥാനത്തിന് അസസി ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിലും രീതിയിലും കൊടുക്കുന്ന അപേക്ഷയിന്മേൽ അയാൾക്ക് മടക്കിക്കൊടുക്കേണ്ടതും ആകുന്നു:

എന്നുമാത്രമല്ല, ഏതെങ്കിലും വർഷാശന നിക്ഷേപം ചെയ്യാതിരിക്കുന്നതിന് അസസിയുടെമേൽ ചുമത്തുന്ന ദണ്ഡനത്തുക, അങ്ങനെയുള്ള ഉത്തരവിൻെറ ഫലമായി, ചെയ്യാൻ ആവശ്യപ്പെടുന്ന വർഷാശന നിക്ഷേപത്തിൻെറ തുകയുടെ പകുതിയിൽ കവിയുന്നുവെങ്കിൽ, കവിയുന്നത്ര തുക വസൂലാക്കാൻ പാടില്ലാത്തതും, അതു മുൻപേ വസൂലാക്കപ്പെട്ടിട്ടുണ്ടെങ്കിൽ, നികുതി ചുമത്തുന്ന അധികാരസ്ഥാനത്തിന് അസസി ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിലും രീതിയിലും കൊടുക്കുന്ന അപേക്ഷയിന്മേൽ, അയാൾക്ക് മടക്കിക്കൊടുക്കേണ്ടതുമാകുന്നു:

എന്നുമാത്രമല്ല, ഗവൺമെൻറിനു കിട്ടേണ്ടും തുക ഏതെങ്കിലും അങ്ങനെയുള്ള അപ്പീലിലോ നടപടിയിലോ കുറവുചെയ്യുകയും അസസിക്ക് അതിൽ എന്തെങ്കിലും മടക്കിക്കിട്ടാൻ അവകാശമുണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള മടക്കിക്കൊടുക്കൽ ആ ആക്ററിലെ വ്യവസ്ഥകൾ അനുസരിച്ച് ആയിരിക്കേണ്ടതാകുന്നു.

(2) ഏതെങ്കിലും പട്ടിക ആക്ററിൻ കീഴിലെ ഏതെങ്കിലും അപ്പീലിലോ മററു നടപടിയിലോ പാസ്സാക്കപ്പെടുന്ന ഏതെങ്കിലും ഉത്തരവിൻെറ ഫലമായി ഗവൺമെൻറിന് കിട്ടേണ്ടും തുക വ്യത്യാസപ്പെടുത്താത്ത ഏതെങ്കിലും സംഗതിയിൽ, യാതൊരു പുതിയ ഡിമാൻഡ് നോട്ടീസും ആവശ്യമായിരിക്കുന്നതല്ലെന്ന്, സംശയങ്ങൾ നീക്കം ചെയ്യാനായി ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

(3) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക്, ഏതെങ്കിലും കോടതിയുടേയോ ട്രിബ്യൂണലിൻേറയോ മററ് അധികാരസ്ഥാനത്തിൻേറയോ ഏതെങ്കിലും വിധിന്യായമോ, വിധിയോ, ഉത്തരവോ ഉണ്ടെന്നിരുന്നാലും പ്രഭാവമുണ്ടായിരിക്കുന്നതാണ്.

4. പട്ടിക ഭേദഗതി ചെയ്യാനുള്ള അധികാരം.—കേന്ദ്രഗവൺമെൻറിന്, പട്ടികയിൽ ഏതെങ്കിലും നികുതിയോ ഡ്യൂട്ടിയോ ചുമത്തുകയോ ലെവിചെയ്യുകയോ ചെയ്യാൻ വ്യവസ്ഥചെയ്യുന്ന ഏതെങ്കിലും കേന്ദ്ര ആക്ററിൻെറ പേർ ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ചേർക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന്മേൽ, അപ്രകാരം ചേർക്കപ്പെട്ട ആക്ററ്, 2-ാം വകുപ്പിലെ (ഗ) ഖണ്ഡത്തിൻെറ അർത്ഥത്തിൽ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ആക്ററായി കരുതപ്പെടുന്നതുമാകുന്നു.

5. ആക്ററിന് പൂർവ്വകാലപ്രഭാവമുണ്ടായിരിക്കുമെന്ന്.—ഈ ആക്ററിലെ വ്യവസ്ഥകൾ, ഏതെങ്കിലും പട്ടിക ആക്ററിൻ കീഴിൽ നികുതി ചുമ

ത്തുന്ന ഏതെങ്കിലും അധികാരസ്ഥാനം അസസിക്കു നടത്തുന്ന ഏതൊരു ഡിമാൻഡ് നോട്ടീസ് സംബന്ധിച്ചും, അങ്ങനെയുള്ള നോട്ടീസ്, ഈ ആക്ററിന്റെ പ്രാരംഭത്തിന് മുൻപോ പിൻപോ നടത്തിയതോ നടത്തുന്നതോ ആയാലും, ബാധകമാകുന്നതും, എപ്പോഴും ബാധകമായിരുന്നതായി കരുതപ്പെടുന്നതും ആകുന്നു.

6. <u>വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.</u>—ഈ ആക്ററിലെ വ്യവസ്ഥകൾക്ക് പ്രഭാവം നല്കുന്നതിൽ എന്തെങ്കിലും വിഷമത ഉദ്ഭവിക്കുന്നുവെങ്കിൽ, കേന്ദ്ര ഗവൺമെൻറിന്, ആ വിഷമത നീക്കം ചെയ്യാൻ ആവശ്യകമോ സമീചീനമോ ആണെന്ന് തോന്നുന്നതും, ഈ ആക്ററിന്റെ ഉദ്ദേശ്യങ്ങളോടു അസംഗതമല്ലാത്തതുമായ വ്യവസ്ഥകൾ, ഔദ്യോഗികഗസററിൽ പരസ്യപ്പെടുത്തുന്ന ഉത്തരവുവഴി, ഉണ്ടാക്കാവുന്നതാണ്.

7. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) കേന്ദ്രഗവൺമെൻറിന് ഈ ആക്ററിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അതു ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അതു അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ, ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റേറയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കുന്നതാണ്.

## പട്ടിക

[2 (ഗ) വകുപ്പു നോക്കുക]

1. ഇൻഡ്യൻ ആദായനികുതി ആക്ററ്, 1922 (1922–ലെ 11)
2. അധികലാഭ നികുതി ആക്ററ്, 1940 (1940–ലെ 15)
3. ബിസിനസ് ലാഭനികുതി ആക്ററ്, 1947 (1947–ലെ 21)
4. എസ്റേററ്റ് ഡ്യൂട്ടി ആക്ററ്, 1953 (1953–ലെ 34)
5. സ്വത്തു നികുതി ആക്ററ്, 1957 (1957–ലെ 27)
6. വ്യയനികുതി ആക്ററ്, 1957 (1957–ലെ 29)
7. ദാനനികുതി ആക്ററ്, 1958 (1958–ലെ 18)
8. ആദായ നികുതി ആക്ററ്, 1961 (1961–ലെ 43)
9. അധികലാഭനികുതി ആക്ററ്, 1963 (1963–ലെ 14)